(ബി) ഈ സ്വതന്ത്ര ശാസ്ത്ര സ്ഥാപനത്തിന്റെ ഭരണഘടനാ പ്രകാരമുള്ള അധികാരികൾ ആരൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ സർക്കാരിന് ഇടപെട്ട് നിർദ്ദേശങ്ങൾ നൽകുവാൻ സാധിക്കില്ലെന്ന് ഹൈക്കോടതിയും സുപ്രീം കോടതിയും വ്യക്തമാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) കോടതി വിധി ഉണ്ടായിട്ടും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ സർക്കാർ ഇടപെട്ട് നിർദ്ദേശങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ശരിയായ നടപടിയാണോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോടതി വിധി സംബന്ധമായ കാര്യങ്ങളിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് സംസ്ഥാന നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 6-11-2002-ലെ സർക്കാർ ഉത്തരവ് (പി) നം.76/2002/സ്റ്റെഡ് പ്രകാരം രൂപീകൃതമായ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രി പ്രസിഡന്റായ സ്റ്റേറ്റ് കൗൺസിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി, മെമ്പർ സെക്രട്ടറി

(സി - ഇ) വിവരം ശേഖരിച്ചുവരുന്നു.

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**

52(1637) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2016-17, 2017-18, 2018-19, 2019-2020 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് ഓരോ വിഭാഗത്തിലുമായി വകയിരുത്തിയത്; വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിഭാഗത്തിലുമായി എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; 2019-2020 സാമ്പത്തിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ എത്ര തുകയാണ് ഓരോ വിഭാഗത്തിലുമായി ഇതുവരെ നൽകിയതെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കാമോ; ഫണ്ട് നൽകിയില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ;

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗവേഷക വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് നൽകുന്നത് തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടസ്സപ്പെട്ട ഫെല്ലോഷിപ്പ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മുൻകാലങ്ങളിലെ ശാസ്ത്ര ഗവേഷണ പ്രചരണത്തിനായി നടപ്പിലാക്കിയ എത്ര പദ്ധതികൾക്കാണ് പണം നല്കാൻ ബാക്കിയുള്ളത്; ഇതിനായി എത്ര തുകയാണ് വിവിധ സ്ഥാപനങ്ങൾക്ക് നല്കുവാനുള്ളത്; വിശദമാക്കാമോ;

(ഇ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്ഥാപനങ്ങളിലെ ഗവേഷണ പദ്ധതികൾ ഫണ്ട് ലഭിക്കാത്തതിനാൽ മുടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫണ്ട് ലഭ്യമല്ലാത്തതിനാൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഏതെല്ലാം ശാസ്ത്ര പദ്ധതികളാണ് നിർത്തിവെച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന തുകകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിഭാഗത്തിലുമായി അനുവദിച്ച തുകയും 2019-2020 സാമ്പത്തിക വർഷത്തിൽ ഓരോ വിഭാഗത്തിലുമായി അനുവദിച്ച തുകയും അനുവദിച്ച തീയതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* 2019-20 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) ഗവേഷക വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് നൽകുന്നത് തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് "കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളും പരിപാടികളും" എന്ന പദ്ധതിയുടെ ഘടകങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കണമെന്നും ആയതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ റിലീസ് ചെയ്ത തുക വിനിയോഗിക്കണമെന്നും വ്യവസ്ഥയോടുകൂടി, 3425-60-200-71(03)-36-പ്ലാൻ എന്ന ശീർഷകത്തിൽനിന്നും ഒന്നാം ഗഡുവായി 5 കോടിരൂപ 14-10-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം.48/2019/ശാ.സാ.വ. പ്രകാരം അനുവദിക്കുകയുണ്ടായി.

(ഡി &ഇ) വിവരം ശേഖരിച്ചുവരുന്നു.

**വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും**

53(1638) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികളുടെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധയിനം വൈറസുകളുടെ പരിശോധനയും ഗവേഷണത്തിനുള്ള സൗകര്യവും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ സ്ഥാപനത്തിൽ പൂനെയിലുള്ള ലാബിൽ ലഭ്യമാകുന്നതിനേക്കാൾ മികച്ച പരിശോധന ലഭ്യമാകുമോ എന്ന് വ്യക്തമാക്കാമോ; ഏത് വകുപ്പിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുക എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഫേസ് 1A ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. യോഗ്യതയുള്ള പരിചയ സമ്പന്നരായ ശാസ്ത്രജ്ഞന്മാരെ നിയമിച്ചും അവശ്യ ഉപകരണങ്ങൾ ക്രമീകരിച്ചും ഈ സ്ഥാപനം പ്രവർത്തനസജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈറസുകളുടെ ജനുസ്, വൈറസുകളുടെ ജനിതകഘടന, വൈറസ് വാഹികളായിട്ടുള്ള കൊതുകുകൾ, അവയുടെ സംക്രമണരീതികൾ, അവയെ നശിപ്പിക്കുവാനോ പ്രജനനം തടയുവാനോ ഉള്ള പ്രക്രിയകൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈറസ് വാഹികളായിട്ടുള്ള മറ്റ് ജന്തുക്കളും അവയുടെ സംക്രമണരീതികളും മറ്റും പ്രത്യേകപഠന നിരീക്ഷണ വിഷയമായിരിക്കും. കൂടാതെ, വൈറസ് നിർണ്ണയ കിറ്റുകളും വൈറസ് വാക്സിൻ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly